പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5947 — 09.07.2012 - ൽ മറുപടിക്ക്

## നാഷണൽ ഹൈവേ 17 - ന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി കാസർഗോഡ് നഗരപ്രദേശമുൾപ്പെടെ കാസർഗോഡ് നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന സ്ഥലങ്ങളിൽ നാഷണൽ ഹൈവേ 17 ന്റെ വശങ്ങൾ അധികൃതർ അളന്നു മാർക്ക് ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കൈവശമുള്ള ഭൂമിയിൽ വർഷങ്ങളായി വീടുവെച്ച് താമസിക്കുന്നവരുടെ ഭൂമി ഏറ്റെടുക്കുന്നതോടെ വഴിയാധാരമാകുന്ന ദയനീയ സാഹചര്യവും ക്ഷേത്രങ്ങളും, പള്ളികളും ഉൾപ്പെടെ ആരാധനാലയങ്ങൾ പൊളിച്ചുമാറ്റപ്പെടേണ്ട സാഹചര്യവും ഒഴിവാക്കുവാൻ ബദൽ പരിഹാരമാർഗ്ഗങ്ങൾ ആലോചിക്കുമോ; | (ബി) | ഭൂമി നഷ്ടപ്പെടുന്നവർക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(എം.എസ്.)നമ്പർ.419/2011/ആർഡി തീയതി 15.11.2011 പ്രകാരവും സ.ഉ.(ആർ.ടി.) നമ്പർ.1766/2011/പൊമവ തീയതി 16.12.2011 പ്രകാരവും പുനരധിവാസ പദ്ധതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നഷ്ടപ്പെടുന്ന ഭൂമിക്ക് മതിയായ നഷ്ടപരിഹാരം ഉടമകൾക്ക് ലഭ്യമാകമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | എൻ.എച്ച്.ആക്ട് പ്രകാരമുള്ള സ്ഥലത്തിന്റെ നഷ്ടപരിഹാരം നിശ്ചയിക്കുന്നത് സ്ഥലമെടുപ്പിന് നിയോഗിക്കപ്പെട്ട അധികാര സമിതിയാണ്. സ.ഉ.(എം.എസ്.) നമ്പർ.419/2011/ ആർഡി തീയതി 15.11.2011 പ്രകാരം ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റിയാണ് സ്ഥലമുടമകളുമായി ചർച്ച ചെയ്ത് സ്ഥലത്തിനുള്ള വില നിശ്ചയിക്കുന്നത്. |

Salitha

സെക്ഷൻ ഓഫീസർ